**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2645** **14-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് ഗുണഭോക്താക്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാർക്ക് വേണ്ടി നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതി ഒരു വർഷം പൂർത്തീകരിക്കുമ്പോൾ എത്ര കോടി രൂപയുടെ ചികിത്സയാണ് ഇൻഷ്വറൻസ് മുഖേന ഗുണഭോക്താക്കൾക്ക് കിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കിയ മെഡിസെപ്പ് പദ്ധതി ഒരു വർഷം പൂർത്തീകരിക്കുമ്പോൾ 2,87,317 പേർക്ക് വിവിധ ചികിത്സകൾക്കായി 723,88,82,488/- രൂപയും 1926 അവയവമാറ്റ ചികിത്സകൾക്കായി 38,62,78,521/- രൂപയും (28.06.2023 തീയതി പ്രകാരം) ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന വിവരങ്ങൾ ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയിട്ടുള്ളത് മെഡിസെപ് വെബ്സൈറ്റിലെ ഡാഷ്ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (ബി) | മെഡിസിപ്പിൽ ഇതുവരെയായി എത്ര പേർ അംഗമായിട്ടുണ്ടെന്നും ഇതുവഴി പ്രതിമാസം എത്ര കോടി രൂപയാണ് ഇൻഷ്വറൻസ് കമ്പനികൾക്ക് ലഭിക്കുന്നതെന്നും അറിയിക്കാമോ; | (ബി) | ഡാഷ്ബോർഡ് പ്രകാരം മെഡിസെപ് -ൽ നാളിതുവരെ 5,40,776 ജീവനക്കാരും 5,78,712 പെൻഷൻകാരുമുൾപ്പെടെ ആകെ 11,19,488 പേർ അംഗങ്ങളായിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും തമ്മിലുള്ള കരാർ അനുസരിച്ച് മൂന്ന് മാസത്തേയ്ക്കുള്ള പ്രീമിയം തുക മുൻകൂറായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നു. ഇത്തരത്തിൽ മുൻകൂറായി നൽകിയ തുക മാസംതോറും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻകാരുടെ പെൻഷനിൽ നിന്നും കുറവ് ചെയ്ത് മുൻകൂർ അഡ്വാൻസ് ക്രമീകരിക്കുകയാണ് ചെയ്യുന്നത്. 18% ജി.എസ്.ടി. ഉൾപ്പെടെ ഓരോ പോളിസിക്കും 5664/- രൂപ വാർഷിക പ്രീമിയമായി കണക്കാക്കിയിട്ടുള്ളത്. ഒന്നാമത്തെ പോളിസി വർഷത്തിൽ 646,04,55,085 കോടി രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. |
| (സി) | മെഡിസിപ്പ് ഇൻഷ്വറൻസ് കമ്പനി വഴി കരാറിൽ ഏർപ്പെട്ട പല ആശുപത്രികൾക്കും യഥാസമയം ഫണ്ട് | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വിഷയങ്ങൾ പരിഹരിക്കുന്നതിനായി ദ്വൈവാര അവലോകന |

| | | | |
|---|---|---|---|
| | കൈമാറാത്തതിനാൽ രോഗിയുടെ ഡിസ്ചാർജ്ജ് വൈകിക്കുന്നതുൾപ്പെടെയുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് സ്വീകരിച്ച പരിഹാര നടപടി എന്താണെന്ന് വ്യക്തമാക്കാമോ; | | യോഗങ്ങളിൽ ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച ചെയ്യുകയും യഥാസമയം ആശുപത്രികൾക്ക് ഫണ്ട് കൈമാറുന്നതിനുള്ള നിർദ്ദേശം ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും ആശുപത്രികൾക്ക് ജില്ലാതല പരാതി പരിഹാരസെല്ലിൽ പരാതി സമർപ്പിക്കുന്നതിന് 'user id' യും 'password' ഉം നൽകുകയും ചെയ്തു. കൂടാതെ 'preauth approval', 'claim approval' എന്നിവ സമയബന്ധിതമായി ചെയ്യുന്നതിന് പ്രത്യേകം നിർദ്ദേശം നൽകുകയും ഇതിന്മേൽ സർക്കാർ നിരന്തരമായി നിരീക്ഷണം നടത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | മെഡിസെപ്പ് നിലനിൽക്കെ ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് എത്ര കോടി രൂപയാണ് അനുവദിക്കപ്പെട്ടതെന്ന് അറിയിക്കാമോ;? | (ഡി) | മെഡിസെപ്പ് പദ്ധതി നിലവിൽ വന്ന ശേഷം സർക്കാർ ജീവനക്കാരായ രോഗികൾക്ക് ഔട്ട്പേഷ്യന്റ് ചികിത്സാ ബില്ലുകൾ മാത്രം വകുപ്പ് തലവൻ മുഖേന KGSMA, 1960 ചട്ടങ്ങൾക്ക് വിധേയമായി റീഇംബേഴ്സ് ചെയ്യാൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. മെഡിസെപ് നിലവിൽ വന്നതിനുശേഷം ടി ആനുകൂല്യം ഇല്ലാത്ത ആശുപത്രികളിലെ ചികിത്സകൾക്കുള്ള ചെലവ് റീഇംബേഴ്സ് ചെയ്യുന്നത് സംബന്ധിച്ച അന്തിമ തീരുമാനം സർക്കാർ ഇത് വരെ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ